**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5082** **11-08-2021 - ൽ മറുപടിയ്ക്ക്**

**തിരുവല്ല സബ്ട്രഷറി നിർമ്മാണത്തിന് നഗരസഭയുടെ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തിരുവല്ല സബ്ട്രഷറി നിർമ്മാണത്തിനായി തിരുവല്ല നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമി വിട്ടുകൊടുക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | തിരുവല്ല വില്ലേജിൽ ബ്ലോക്ക് നം. 191 ൽ സർവ്വേ നം. 8-ൽ പെട്ട തിരുവല്ല നഗരസഭയുടെ ഉടമസ്ഥതയിലുള്ള 11.65 ആർ സ്ഥലത്തു നിന്നും 4.86 ആർ പുരയിടം തിരുവല്ല സബ് ട്രഷറിയ്ക്ക് പുതിയ കെട്ടിടം പണിയുന്നതിലേയ്ക്ക് 99 വർഷത്തേയ്ക്ക് പ്രതിവർഷം 1000/- രൂപ ഈടാക്കി പാട്ടക്കരാർ വ്യവസ്ഥയിൽ വിട്ട് നൽകുന്നതിന് 30/07/2019-ലെ 2-ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ തീരുമാനിച്ചിട്ടുള്ളതും, നഗരസഭാ സെക്രട്ടറിയെ ട്രഷറി വകുപ്പുമായി പാട്ടക്കരാറിൽ ഏർപ്പെടുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. പാട്ടകരാറിന്റെ കരട് നഗരസഭ ജില്ലാ ട്രഷറി ഓഫീസർക്ക് നൽകിയിട്ടുണ്ടെന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) | ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ചുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിൽ അദ്ധ്യായം II ചട്ടങ്ങൾ 6 മുതൽ 12 വരെയാണ് വസ്തു കയ്യൊഴിക്കൽ സംബന്ധിച്ച് പരാമർശിക്കുന്നത്. കേരള മുനിസിപ്പാലിറ്റി ആക്ട് 215 പ്രകാരം ഒരു മുനിസിപ്പാലിറ്റിക്ക് നിർണ്ണയിക്കപ്പെട്ട രീതിയിൽ മുനിസിപ്പൽ പ്രദേശത്തിനുള്ളിലോ, അതിന് പുറത്തുള്ള ഭൂമിയോ, കെട്ടിടമോ ആയ ഏതെങ്കിലും വസ്തു, ഒരു പൊതു ആവശ്യത്തിന് എന്തെങ്കിലും സംവിധാനമോ സൗകര്യമോ നൽകുന്നതിനു വേണ്ടി ആർജ്ജിക്കുകയോ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടും കൂടി അതിന്റെ വകയായ ഏതൊരു വസ്തുവും കൈയ്യൊഴിക്കുകയോ ചെയ്യാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. മുനിസിപ്പാലിറ്റിയുടെ സ്വന്തമായ കെട്ടിടങ്ങൾ ആക്ടിന്റെ 215-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന കാലയളവിലേക്ക് ലൈസൻസ് |

| | | | |
|---|---|---|---|
| | | | വ്യവസ്ഥയിൽ വാടകയ്ക്കോ പാട്ടത്തിനോ നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. മുനിസിപ്പാലിറ്റിയുടെ സ്വന്തമായ വസ്തുക്കളുടെ കൈമാറ്റം കേരള മുനിസിപ്പാലിറ്റി ആക്ടിലെ 215-ാം വകുപ്പ് (1)-ാം ഉപ വകുപ്പിനനുസൃതവും നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഫാറത്തിന് അനുയോജ്യവും ആയിരിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ